ഹെഡ് കണക്ഷനുകളും ഈ സാമ്പത്തിക വർഷത്തിൽതന്നെ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ കൊടുത്തുതീർക്കുന്നതിനുള്ള ടാർജറ്റ് പ്രകാരമുള്ള ജോലികൾ ഇപ്പോൾതന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 11,43,085 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഇ) വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി സാധാരണയായി സബ്സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതില്ല. എന്നാൽ വൻകിട വ്യവസായ ശാലകൾ/വ്യവസായ കേന്ദ്രങ്ങൾ/വിമാനത്താവളങ്ങൾ ഇങ്ങനെ വളരെയധികം ലോഡുള്ള കണക്ഷനുകൾ നൽകേണ്ടി വരുമ്പോൾ സബ്സ്റ്റേഷൻ നിർമ്മിച്ചതിനുശേഷമേ കണക്ഷൻ നൽകാൻ കഴിയുകയുള്ളൂ. സാധാരണയായി സംസ്ഥാനത്തെ പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുമായാണ് സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നത്. മൊത്തം എത്ര സബ്സ്റ്റേഷനുകൾ പണിയണം എന്നു തിട്ടപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക ഏജൻസികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും വായ്പയായി ലഭിക്കുന്ന തുക കണക്കാക്കി വിവിധ പ്രദേശങ്ങളിലെ ലോഡിന്റെ ആവശ്യകത കണക്കിലെടുത്ത് സബ്സ്റ്റേഷനുകൾ പണിയുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24 സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വരുന്ന രണ്ടു വർഷത്തിനുള്ളിൽ 149 സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

23 (*53) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും ഏതെല്ലാം കോളനികളിലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി-വർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുന്നതിനും വിദ്യാഭ്യാസ-സാമ്പത്തിക ഉന്നമനത്തിനുംവേണ്ട പദ്ധതികൾ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി തീവ്ര സങ്കേത വികസന പരിപാടി (ഐ.എച്ച്.ഡി.പി.) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓരോ സങ്കേതത്തിന്റെയും വികസനത്തിന് കർമ്മ പരിപാടി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുകയായിരുന്നു പതിവ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് ഇത് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1991-92 ലാണ് ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത്. പദ്ധതി നടപ്പാക്കിയ പട്ടികജാതി കോളനികളുടെയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെയും ലിസ്റ്റ് അനുബന്ധം 1 ലും 2-ലും കാണാവുന്നതാണ്.+

1997-98 മുതൽ പുതിയ സങ്കേതങ്ങൾ തെരഞ്ഞെടുത്തിട്ടില്ല. നേരത്തെ നിശ്ചയിച്ച സങ്കേതങ്ങളിലെ കർമ്മപരിപാടിയിലുള്ള ജോലികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണിത്.

24 (*54) ആദിവാസി ഊരുകളിലെ പട്ടിണി മരണം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഊരുകളിൽ പട്ടിണി മരണം വ്യാപകമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' തുടങ്ങിയ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ പട്ടിണി മരണമായി കണ്ടെത്തിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25 (*55) കുടിവെള്ളക്ഷാമം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ശുദ്ധജലത്തിന്റെ ദുരുപയോഗം കണ്ടെത്താനായി ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കേടായ വാട്ടർ മീറ്ററുകൾമൂലം ഗവണ്മെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly